# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


## സംഗ്രഹം

കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ KSEBL സർവ്വീസ് പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഓർഡർ (സി.എം.ഡി) നം. 1482/2020(പി.എസ്.1(ബി)/69/2019 തിരുവനന്തപുരം.

തീയതി : 18.11.2020

പരാമർശം : സ.ഉ.(സാധാ) നം. 5600/2020/ധന. തീയതി 30.09.2020.

## ഉത്തരവ്

സർവ്വീസ് പെൻഷൻകാരുടെ / കുടുംബ പെൻഷൻകാരുടെ വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനായി ചുവടെ വിശദീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു.

എ) സർവ്വീസ് പെൻഷൻ / കുടുംബ പെൻഷൻ വാങ്ങുന്നവർ ബന്ധപ്പെട്ട പെൻഷൻ ARU കളിൽ നേരിട്ട് ഹാജരായി.

ബി) ചട്ടപ്രകാരമുള്ള ലൈഫ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ARU കളിൽ സമർപ്പിച്ച്.

കോവിഡ് - 19 മഹാമാരിയുടെ വ്യാപനം സംസ്ഥാനത്ത് അതിതീവ്രമായി തുടരുന്ന സാഹചര്യത്തിൽ സർവ്വീസ് പെൻഷൻ / കുടുംബ പെൻഷൻ കൈപ്പറ്റുന്ന വയോജനങ്ങളുടെ യാത്രകൾ പരമാവധി കുറയ്ക്കുന്നതിനായി നിലവിലുള്ള മാർഗ്ഗങ്ങൾക്ക് പുറമെ ചുവടെപ്പറയുന്നതിൽ ഏതെങ്കിലും മാർഗ്ഗേന വാർഷിക ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിനുള്ള അനുവാദം നൽകികൊണ്ടും മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) KSR ഭാഗം III ചട്ടം 128 (ബി) ൽ വ്യവസ്ഥചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം തപാൽ വഴി ബന്ധപ്പെട്ട ARU -വിൽ ലഭ്യമാക്കാവുന്നതാണ്.

ബി) KSR ഭാഗം III ചട്ടം 128 (ബി) ൽ വ്യവസ്ഥചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന വാർഷിക ജീവന സാക്ഷ്യപത്രം ഇ-മെയിൽ വഴി ബന്ധപ്പെട്ട ARU -വിൽ ലഭ്യമാക്കാവുന്നതാണ് (ARU മേലധികാരികളുടെ ഇ.മെയിൽ അഡ്രസ്സ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു).

31.03.2021 നശേഷം കേരള ട്രഷറികോഡ് വാല്യം I ചട്ടം 280 (എ) പ്രകാരം വാർഷിക ലൈഫ് മസ്റ്ററിംഗ് പരിമിതപ്പെടുത്തുന്നതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

ഒപ്പ്
ഉണ്ണികൃഷ്ണൻ പി.ജി
സെക്രട്ടറി (ഭരണം)

ഉള്ളടക്കം :- ARU മേധാവികളുടെ ഇ-മെയിൽ ഐ.ഡി.

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
18/11/2020
സീനിയർ സൂപ്രണ്ട്